**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5272** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി വിദ്യാർത്ഥിയെ മർദ്ദനത്തിനിരയാക്കിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഭിന്നശേഷി വിദ്യാർത്ഥിയെ പ്രമുഖ വിദ്യാർത്ഥി സംഘടനാ പ്രവർത്തകർ മർദ്ദനത്തിനിരയാക്കിയ സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജിലെ രണ്ടാംവർഷ ഇസ്ലാമിക് ഹിസ്റ്ററി വിദ്യാർത്ഥിയായ ശ്രീ മുഹമ്മദ് അനസ്. എ-യെ കോളേജിലെ യൂണിയൻ റൂമിൽ വച്ച് അതേ കോളേജിലെ തന്നെ നാല് വിദ്യാർത്ഥികൾ 02.12.2024 തീയതിയിൽ മർദ്ദിച്ചു എന്ന പരാതിയിൻമേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹു:മനുഷ്യാവകാശ കമ്മീഷന്റെ 13.12.2024 തീയതിയിലെ 9148/11/12/24/TVM നമ്പർ കത്ത് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 18.12.2024 ൽ ലഭിച്ചു.<br><br>മേൽ പരാതിയിൽ കോളേജ് തലത്തിൽ നടത്തിയ നടപടികളുടെ ഭാഗമായി കോളേജിൽ തുടർന്ന് ആഭ്യന്തര പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി ആരോപണ വിധേയരായ നാല് വിദ്യാർത്ഥികളെയും സസ്പെൻഡ് ചെയ്ത് കോളേജ് ഡിസിപ്ലിൻ കമ്മിറ്റി അന്വേഷണം തുടർന്നിരുന്നു. പോലീസ് ഈ വിഷയത്തിൽ അന്വേഷണം ആരംഭിച്ചിരുന്നു.<br><br>ശ്രീ. മുഹമ്മദ് അനസ് ബഹു: ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയുടെ പകർപ്പ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചതിനെത്തുടർന്ന് പരാതി സംബന്ധിച്ച് അന്വേഷിക്കുന്നതിന് വകുപ്പ് തലത്തിൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് പരാതിക്കാരനായ ശ്രീ. മുഹമ്മദ് അനസ് 18.12.2024 ന് ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് ഡയറക്ടർ മുൻപാകെ നേരിട്ട് ഹാജരായി ആവലാതികൾ ബോധിപ്പിക്കുകയും പരാതി സംബന്ധിച്ച വിശദാംശങ്ങൾ എഴുതി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 19.12.2024 തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നേരിട്ട് എത്തി കോളേജ് പ്രിൻസിപ്പൽ, ഡിസിപ്ലിൻ കമ്മിറ്റി കൺവീനർ, സ്റ്റാഫ് അഡ്വൈസർ തുടങ്ങിയ ബന്ധപ്പെട്ട അധ്യാപകരോടും യൂണിയൻ ഭാരവാഹിയായ വിദ്യാർത്ഥിനിയോടും പരാതിക്കാരനായ വിദ്യാർത്ഥിയോടും സഹപാഠിയോടും വിശദാംശങ്ങൾ തേടുകയും സംഭവസ്ഥലങ്ങളും യൂണിയൻ റൂമും നേരിട്ട് പരിശോധിച്ച് പ്രാഥമികമായ അന്വേഷണം നടത്തുകയും ചെയ്തു. ആരോപണ വിധേയരായ വിദ്യാർത്ഥികളെ നേരിൽ കേൾക്കുന്നതിന് വേണ്ടി കോളേജ് പ്രിൻസിപ്പൽ മുഖേന അറിയിപ്പ് നൽകുകയും ഇവർ കോളേജിൽ ഹാജരാകുന്നത് ഒഴിവാക്കിക്കൊണ്ട് 04.01.2025 തീയതിയിൽ ഡയറക്ടർ മുൻപാകെ നേരിട്ട് ഹാജരായി അന്വേഷണത്തിൽ പങ്കെടുക്കുകയുണ്ടായി. ഓരോ വിദ്യാർത്ഥിയെയും പ്രത്യേകം പ്രത്യേകം വിശദമായി ചോദ്യം ചെയ്യുകയും ഇവർക്ക് ബോധിപ്പിക്കാനുള്ള കാര്യങ്ങൾ നാലു വിദ്യാർത്ഥികളിൽ നിന്നും എഴുതി വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇരുഭാഗത്തെയും വിദ്യാർത്ഥികളുടെ മൊഴികളിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് വിദ്യാർത്ഥികളെ നേരിൽ കേൾക്കുകയും അവരുടെയും മൊഴി എഴുതി വാങ്ങുകയും ചെയ്തു.<br><br>വിവിധ ദിവസങ്ങളിലായി നടത്തിയ അന്വേഷണത്തിലും ഹിയറിങ്ങുകളിലുമായി കോളേജ് പ്രിൻസിപ്പലിനെയും 11 അധ്യാപകരെയും മറ്റ് 13 വിദ്യാർത്ഥികളെയും നേരിൽ കേൾക്കുകയുണ്ടായി. തുടർന്ന് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇതേ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുളള സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് ശാസ്ത്രീയവും വസ്തുതാപരവുമായ പോലീസ് അന്വേഷണം ആവശ്യമാണെന്ന് കാണുന്നതായും ബഹു: മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ